പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 585 — 6.3.2012 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതിയുടെ കരാർ മാറ്റങ്ങൾ

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ ;<br>ശ്രീ. എസ്. ശർമ്മ ;<br>ശ്രീ. ബാബു എം. പാലിശ്ശേരി ;<br>ശ്രീ. എ.എം. ആരിഫ് ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ; | എ) | സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് ഒരു Sales Pavilion ന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. Conceptual Master Plan തയ്യാറായി കഴിഞ്ഞു. 2012 അവസാനത്തോട് കൂടി മറ്റ് കെട്ടിടങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | മുൻ സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാനിലും പാട്ടക്കരാറിലും ഈ സർക്കാർ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും അതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ ; | | (ബി) യും (സി) യും<br>മാറ്റങ്ങൾ വരുത്തിയിട്ടില്ല. സ്മാർട്ട്സിറ്റിക്ക് കൈമാറിയ 246 ഏക്കർ ഭൂമിക്ക് പുറമെ സ്മാർട്ട്സിറ്റിയോട് ചേർന്നുകിടക്കുന്ന കിൻഫ്രയുടെ നാലേക്കർ സ്ഥലം കൂടി വിട്ടു നൽകണമെന്ന് 23.6.2011 ൽ കൂടിയ യോഗത്തിൽവെച്ച് സ്മാർട്ട്സിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | ഈ സർക്കാർ അംഗീകരിച്ച കരാർ അനുസരിച്ച് എത്ര ഏക്കർ അധിക ഭൂമിയാണ് സ്മാർട്ട് സിറ്റിക്ക് കൈമാറാൻ ഉദ്ദേശിക്കുന്നത് ; അതിനുള്ള സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ; | | |
| ഡി) | സ്മാർട്ട് സിറ്റിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഒറ്റ സെസ് ആയി അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | ഡി) | സ്മാർട്ട്സിറ്റി പദ്ധതിക്കായുള്ള മുഴുവൻ സ്ഥലവും കൂടി ഒറ്റ സെസ്സായി അംഗീകാരം ലഭിക്കുന്നതിന് വേണ്ട അപേക്ഷ മിനിസ്ട്രി ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ കീഴിലുള്ള SEZ Board of approval പരിഗണിക്കുകയും അംഗീകാരം നല്കുവാൻ തീരുമാനിക്കുകയുമുണ്ടായി. അതിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഈ) | മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയത്; എപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | ഇ) | ഒക്ടോബർ 2011 ൽ കൂടിയ സ്മാർട്ട്സിറ്റി ബോർഡ് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കാനൺ Cannon Design Architectural consultants നെ നിയമിക്കുകയുണ്ടായി. ഇവർ Conceptual Master Plan തയ്യാറാക്കി കഴിഞ്ഞു. മാസ്റ്റർപ്ലാൻ അംഗീകരിച്ച് കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

ഉമ്മൻ ചാണ്ടി